(ഇ) തൊഴിലാളികൾക്ക് ലഭിക്കുവാനുള്ള ഗ്രാറ്റുവിറ്റി, പി. എഫ്. എന്നിവ എന്നത്തേക്ക് നൽകുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) — (സി) പുനലൂർ പേപ്പർമിൽ മാനേജ്മെന്റ് സർക്കാരുമായി ഒപ്പുവച്ച ധാരണാപത്രത്തിലെ വ്യവസ്ഥകൾ പ്രകാരം മിൽ തുറക്കുവാൻ ആവശ്യമായ നടപടികൾ മാനേജ്മെന്റ് സ്വീകരിക്കുന്ന മുറയ്ക്ക് വിവിധ സർക്കാർ വകുപ്പുകളിൽ നിന്നും ആനുകൂല്യങ്ങളും, സഹായങ്ങളും ലഭ്യമാക്കാമെന്ന് ധാരണാപത്രത്തിൽ വിവരിച്ചിട്ടുണ്ട്. എന്നാൽ ധാരണാപത്രം ഒപ്പുവച്ചശേഷം കാനറാബാങ്കിനുള്ള കുടിശ്ശിക അടച്ചു തീർത്തതൊഴിച്ച് മിൽ തുറക്കുവാൻ ആവശ്യമായ മറ്റ് നടപടികളൊന്നും മാനേജ്മെന്റ് കൈക്കൊണ്ടില്ല. തുടർന്ന് ഇനി ഒരു ഉത്തരവുണ്ടാകുന്നതുവരെ പുനലൂർ പേപ്പർമില്ലിന് ആനുകൂല്യങ്ങളൊന്നും നൽകേണ്ടെന്ന് ബന്ധപ്പെട്ട സർക്കാർ വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കടബാദ്ധ്യതകളിൽ നിന്നും ഇളവുകൾ നൽകുകയോ ഒഴിവാക്കുകയോ ചെയ്തിട്ടില്ല.

(ഡി) & (ഇ) പുനലൂർ പേപ്പർമില്ലിലെ തൊഴിലാളികളുടെ പി. എഫ്. കുടിശ്ശിക സംബന്ധിച്ച വിശദാംശങ്ങൾ തിരുവനന്തപുരത്തെ പി. എഫ്. കമ്മിഷണർക്ക് ലഭ്യമാക്കുന്നതിലേക്കായി ബോംബെ ഹൈക്കോടതി നിയമിച്ചിട്ടുള്ള പുനലൂർ പേപ്പർമിൽ റിസീവറോട് തിരുവനന്തപുരത്ത് എത്തിച്ചേരുവാൻ ഗവൺമെന്റ് അഭ്യർത്ഥിച്ചിട്ടുണ്ട്. ഗ്രാറ്റുവിറ്റി, പി. എഫ്., ശമ്പളക്കുടിശ്ശിക എന്നീ ഇനങ്ങൾ എത്ര തൊഴിലാളികൾക്കാണ് നൽകുവാനുള്ളതെന്നത് സംബന്ധിച്ച കണക്കുകൾ ശേഖരിച്ചുവരുന്നു.

ചെറുകിട വ്യവസായ മേഖല മെച്ചപ്പെടുത്തുന്നതിന് നടപടി

120 [475] *ശ്രീ. കെ. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട വ്യവസായ മേഖല മെച്ചപ്പെടുത്തുവാനും പുതിയ തൊഴിൽ സംരംഭകരെ പ്രോൽസാഹിപ്പിക്കുവാനും ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) ഈ നടപടികളുടെ ഭാഗമായി എത്ര പുതിയ ചെറുകിട വ്യവസായങ്ങൾ ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രതികൂലമായ സാഹചര്യങ്ങൾ കാരണം എത്ര ചെറുകിട വ്യവസായങ്ങൾ അടച്ചുപൂട്ടിയിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ചെറുകിട വ്യവസായങ്ങൾക്ക് സർക്കാർ ഏതെങ്കിലും വിധത്തിലുള്ള ധനസഹായം നൽകിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഇ) അടഞ്ഞുകിടക്കുന്ന ചെറുകിട വ്യവസായ യൂണിറ്റുകൾ തുറന്ന് പ്രവർത്തിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ചെറുകിട വ്യവസായ യൂണിറ്റുകൾ അഭിമുഖീകരിക്കുന്ന പൊതു പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സമാന യൂണിറ്റുകളെ ചേർത്ത് ക്ലസ്റ്റർ വികസനം നടപ്പിലാക്കിവരുന്നു. ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് ആവശ്യമായ കാര്യങ്ങൾ യഥാസമയം ലഭ്യമാക്കാൻ എല്ലാ ജില്ലകളിലും തെരഞ്ഞെടുത്ത ഉദ്യോഗസ്ഥൻമാരെ പരിശീലനം നൽകി 'എന്റർപ്രണർഷിപ്പ് ഗൈഡൻസ് സെല്ലുകൾ' രൂപീകരിച്ചു. ചെറുകിട വ്യവസായ യൂണിറ്റുകൾ തങ്ങളുടെ ഉൽപ്പന്നങ്ങൾ വിൽപന നടത്തി കിട്ടാക്കടമായി നിൽക്കുന്ന തുക വസൂലാക്കാൻ ഉതകുന്ന തരത്തിൽ വ്യവസായ വാണിജ്യ ഡയറക്ടർ ചെയർമാനായി 'ഇൻഡസ്ട്രി ഫെസിലിറ്റേഷൻ കൗൺസിൽ' രൂപീകരിച്ചിട്ടുണ്ട്.

പ്രാദേശിക വ്യവസായ വികസനം ലക്ഷ്യമാക്കി 'പ്രത്യാശ' എന്ന പുതിയ പദ്ധതി തുടങ്ങി. ഒരു ലക്ഷം തൊഴിലവസരങ്ങൾ സംജാതമാക്കാൻ ഉദ്ദേശിക്കുന്ന ഈ പദ്ധതി പ്രകാരം വ്യവസായ സംരംഭകർക്ക് 2005 ജൂലൈ മാസത്തിൽ മാവിലെ 7 മണി മുതൽ വൈകുന്നേരം 7 മണി വരെ ജില്ലാ താലൂക്ക് വ്യവസായ ആഫീസുകളിൽ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.

(ബി) ചെറുകിട വ്യവസായ വ്യാപാര മേഖല ഉൾപ്പെടെ ആകെ 41308 ചെറുകിട വ്യവസായ യൂണിറ്റുകൾ ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ചിട്ടുണ്ട്.

(സി) ഈ സർക്കാരിന്റെ കാലത്ത് കഴിഞ്ഞ 4 വർഷക്കാലയളവിൽ 3531 ചെറുകിട വ്യവസായ യൂണിറ്റുകൾ അടച്ചുപൂട്ടിയിട്ടുണ്ട്.

(ഡി) ചെറുകിട വ്യവസായ യൂണിറ്റുകളുടെ ഉന്നമനവുമായി ബന്ധപ്പെട്ട് ഈ സർക്കാരിന്റെ കാലത്ത് ആകെ 14059 ലക്ഷം രൂപ (സംസ്ഥാന വിഹിതം-12864 ലക്ഷം രൂപ + കേന്ദ്ര വിഹിതം-1195 ലക്ഷം രൂപ) ചെലവു ചെയ്തിട്ടുണ്ട്. സംസ്ഥാന വിഹിതം പ്രധാനമായും താഴെപ്പറയുന്ന പദ്ധതികൾക്കാണ് നൽകിയത്:

1.	സംസ്ഥാന മൂലധന സബ്സിഡി	.. 30.48 കോടി രൂപ
2.	മാർജിൻ മണി വായ്പ	.. 20.64 കോടി രൂപ
3.	തീവ്ര വ്യവസായവൽക്കരണ പദ്ധതി	.. 4.37 കോടി രൂപ
4.	അടിസ്ഥാനസൗകര്യവികസനം	.. 4.32 കോടി രൂപ

(ഇ) വിവിധ കാരണങ്ങളാൽ അടഞ്ഞുകിടക്കുന്ന വ്യവസായ യൂണിറ്റുകളെ പുനരുജ്ജീവിപ്പിച്ച് ശക്തിപ്പെടുത്തുവാൻ ഒരു പൈലറ്റ് പ്രോഗ്രാം തയ്യാറാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly